**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 177** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>പ്രവാസി ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് ഫണ്ട്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. കെ. എം. അഭിജിത്ത്

ശ്രീ. കെ. പ്രവീൺ കുമാർ

ശ്രീമതി ഉഷ വിജയൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്ത് പ്രവാസി ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് ഫണ്ട് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകളിലും വ്യവസായങ്ങളിലും അടിസ്ഥാന സൗകര്യ വികസന പദ്ധതികളിലും പ്രവാസി നിക്ഷേപങ്ങൾ സുരക്ഷിതമായും സുതാര്യമായും ആകർഷിക്കുന്നതിനായി പ്രൊഫഷണലുകളുടെ നേതൃത്വത്തിലുള്ള പ്രവാസി ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് ഫണ്ട് രൂപീകരിക്കുന്നതാണ്

ഇതിലൂടെ നിക്ഷേപകരിൽ വിശ്വാസ്യത ഉറപ്പാക്കാനും, വിദേശമലയാളികളെയും നാട്ടിലെ യുവ സംരംഭകരെയും തമ്മിൽ ബന്ധിപ്പിക്കാനും കേരളത്തിന്റെ വികസനത്തിൽ പ്രവാസികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിൽ കേരളത്തെ ഇൻവെസ്റ്റ്മെന്റ് ഇക്കോണമിയായി മാറ്റുന്നതിന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**(ബി)** ഇൻവെസ്റ്റ്മെന്റ് ഇക്കോണമി എന്ന നിലയിൽ കേരളത്തെ മാറ്റുന്നതിന് പ്രവാസികളുടെ നിക്ഷേപങ്ങളും സേവനങ്ങളും ഏതൊക്കെ രീതിയിൽ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**<u>മറുപടി:</u>** കേരളത്തെ ഒരു ഇൻവെസ്റ്റ്മെൻ്റ് ഇക്കോണമിയായി മാറ്റുന്നതിന് പ്രവാസികളുടെ സാമ്പത്തിക സ്രോതസ്സിനൊപ്പം അവരുടെ ആഗോള ബിസിനസ്സ് വൈദഗ്ധ്യവും 'ബ്രെയിൻ ഗെയിൻ' (Brain Gain) ഉം പ്രയോജനപ്പെടുത്താനാണ് ആലോചിക്കുന്നത്. ഇതിന്റെ വിവിധ വശങ്ങൾ പരിശോധിച്ച് ഏറ്റവും പ്രയോജനകരമായ രീതിയിൽ നടപ്പിലാക്കുവാനുള്ള നടപടികൾ ഘട്ടം ഘട്ടമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

**സെക്ഷൻ ഓഫീസർ**